**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6058** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് കുടിശിക ഈടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2021 മുതൽ നാളിതുവരെ വൈദ്യുതി ചാർജ് കുടിശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ടെന്ന് സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും തിരിച്ച് അറിയിക്കുമോ; | (എ) | 31.03.2021-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ 2342.36 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. തുകയുടെ വിശദാംശങ്ങൾ **അനുബന്ധം** I-ആയി ചേർത്തിട്ടുണ്ട്.<br><br>എന്നാൽ 31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ 2310.69കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) തുകയുടെ വിശദാംശങ്ങൾ **അനുബന്ധം** II-ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട കുടിശിക എത്ര തുകയാണെന്നും അവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | 31.03.2021ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 527.68 കോടി രൂപ തർക്കങ്ങളിൽപ്പെട്ട കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. ആയത് 31.03.2024ലെ കണക്കുകൾ പ്രകാരം 576.57 കോടി രൂപയാണ്.<br><br>31.03.2024 വരെ 576.57 കോടി രൂപ കോടതി വ്യവഹാരത്തിൽപ്പെട്ട് കെ.എസ്.ഇ.ബി.എൽ-ന് പിരിഞ്ഞ് കിട്ടാനുണ്ട്. പ്രസ്തുത തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുവേണ്ടി വിവിധ കോടതികളിൽ / സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളിൽ നിലനിൽക്കുന്ന കേസുകളിൽ എത്രയും വേഗത്തിൽ തീർപ്പുകൽപ്പിക്കാൻ ബോർഡിന്റെ അഭിഭാഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം।**

<u>31.03.2021-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം, കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ</u>

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.35 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 89.94 |
| കേരള വാട്ടർ അതോറിറ്റി | 646.96 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 3.15 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.11 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 6.68 |
| പൊതു സ്ഥാപനങ്ങൾ | 44.44 |
| ഗാർഹികം | 436.17 |
| സ്വകാര്യ സ്ഥാപനങ്ങൾ | 885.04 |
| കാപ്റ്റീവ് പവർപ്ലാന്റ്സ് | 58.78 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.22 |
| ലൈസൻസി | 11.18 |
| മറ്റിനം | 0.34 |
| ആകെ | 2342.36 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം, കെ.എസ്.ഇ.ബി.എൽ-ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.70 |
| കേരള വാട്ടർ അതോറിറ്റി | 188.29 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.41 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.39 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 7.27 |
| പൊതു സ്ഥാപനങ്ങൾ | 70.94 |
| ഗാർഹികം | 370.86 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1009.74 |
| കാപ്റ്റീവ് പവർ പ്ലാന്റ്സ് | 67.14 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.19 |
| മറ്റിനം | 0.17 |
| ആകെ | 2310.69 |

**സെക്ഷൻ ഓഫീസർ**